## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1824 — 18/6/2012 ൽ മറുപടിക്ക്

## പോലീസ് സേനയിലെ അന്തർ ജില്ലാ സ്ഥലംമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനയിലെ എസ്.എ.പി, എ.ആർ എന്നിവിടങ്ങളിൽ നിന്നും ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) എസ്.എ.പി.യിൽ നിന്നും അന്തർ ജില്ലാ സ്ഥലം മാറ്റം നല്കാറില്ല. ജില്ലാ ആംഡ് റിസർവിൽ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്ക് മറ്റൊരു ജില്ലാ ആംഡ് റിസർവ്വിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിയ്ക്കാവുന്നതാണ്. |
| (ബി)2000-നു ശേഷം എസ്.എ.പി.യിലെ സാങ്ഷൻഡ് സ്ട്രെങ്ത്തിൽപെടുകയും തുടർന്ന് തിരുവനന്തപുരം സിറ്റി എ.ആർ ക്യാമ്പിലേക്ക് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ളവരുമായ വനിതാ പോലീസുകാരുടെ സംഖ്യയ്ക്ക് ആനുപാതികമായി ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ നിന്ന് സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബിയും, സിയും) നൽകിയിട്ടില്ല. വനിതാ പി.സി മാരുടെ ട്രെയിനിംഗ് കഴിഞ്ഞ ഉടൻ തന്നെ ലോക്കൽ സ്റ്റേഷനുകളിൽ അറ്റാച്ച് ചെയ്ത് ഡ്യൂട്ടി നല്കി വരുന്നതിനാലാണ് ഇവരുടെ ട്രാൻസ്ഫറിന് ആനുപാതികമായി അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാതിരുന്നത്. |
| (സി) ഇപ്രകാരം ട്രാൻസ്ഫർ നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | |

| | |
|---|---|
| (ഡി) തിരുവനന്തപുരം എസ്.എ.പിയിൽ നിന്നും എ.ആർ-ൽ ജോയിൻ ചെയ്ത് ലോക്കൽ പോലീസിൽ ജോലി ചെയ്യുന്ന വനിതാ സേനാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി നിലവിലുള്ള 'എ.ആർ.ടു.എ.ആർ' ലിസ്റ്റിൽ നിന്നും ട്രാൻസ്ഫർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) വനിതാ പി.സി മാർക്ക് ജി.ഒ (പി) നം. 83/2011/ആഭ്യന്തരം തീയതി 1.3.2011 പ്രകാരം ജില്ലാതല ട്രാൻസ്ഫർ നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ